## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 81. 28/02/2018-ലെ മറുപടിക്ക്.

### തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം | മറുപടി

**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ:**
**ശ്രീ. കെ.സി. ജോസഫ്:**
**ശ്രീ. വി.ടി ബൽറാം:**
**ശ്രീ. എ.പി. അനിൽ കുമാർ:**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രതിവർഷം എന്ത് തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഈ പദ്ധതിക്ക് വേണ്ടി നീക്കിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഈ പദ്ധതി ഇനത്തിൽ ചെലവായ തുക സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി' ആയി ചേർക്കുന്നു.<br>ലോട്ടറിയിൽ നിന്നുള്ള വരുമാനം ആർ.എസ്.ബി.വൈ./ചിസ് പദ്ധതികൾക്കായി വിനിയോഗിക്കുന്നില്ല. |
| (സി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിന്റെ മാർഗ്ഗരേഖകൾ കൂടി കണക്കിലെടുത്താണോ സംസ്ഥാന പദ്ധതിക്ക് രൂപം നൽകുന്നത്; | (സി) & (ഡി) & (ഇ) & (എഫ്) | ആയുഷ്മാൻ ഭാരതിന്റെ മാർഗ്ഗരേഖകൾ തയ്യാറാക്കി വരുന്നതേയുള്ളു. പ്രസ്തുത മാർഗ്ഗരേഖകൾ തയ്യാറാകുന്ന മുറയ്ക്ക് സംസ്ഥാന പദ്ധതിയുമായി ബന്ധപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | സംസ്ഥാന പദ്ധതിക്ക് കേന്ദ്രവിഹിതമായി എന്ത് തുക ലഭിക്കുമെന്നാണ് കരുതുന്നത്; | | |
| (ഇ) | കേന്ദ്രവിഹിതം മുൻഗണനാ പട്ടികയിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന സാഹചര്യത്തിൽ ശേഷിക്കുന്നവരുടെ പ്രീമിയം തുക സംസ്ഥാന സർക്കാർ വഹിക്കുമോ; | | |
| (എഫ്) | സ്വന്തമായി പ്രീമിയം അടച്ച് പദ്ധതിയിൽ ചേരുന്നവർക്കും സർക്കാർ പ്രീമിയം അടയ്ക്കുന്നവർക്കും ഒരേ തുകയാണോ പ്രീമിയമായി നിശ്ചയിക്കുന്നത്; വിശദമാക്കുമോ? | | |

Sreedev
സെക്ഷൻ ഓഫീസർ

അനുബന്ധം 'എ'

അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെയും ആരോഗ്യ സംരക്ഷണവും, സാമൂഹ്യ സുരക്ഷയും ഉറപ്പ വരുത്തുന്നതിനായി 2008 ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ). ആർ എസ് ബി വൈ പദ്ധതി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ കൂടുതൽ വിഭാഗങ്ങളിലേക്ക എത്തിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട തൊഴിലാളി ക്ഷേമനിധി അംഗങ്ങൾ, 1000 രൂപയോ അതിൽ കുറവോ മാസ പെൻഷൻ കിട്ടുന്ന ഇ.പി.എഫ് പെൻഷനേഴ്സ്, എ.എ.വൈ(മഞ്ഞ നിറം), മുൻഗണന (പിങ്ക് നിറം), ചികിത്സാർത്ഥം സ്റ്റേറ്റ് പ്രയോറിറ്റി/ബി.പി.എൽ ആക്കി മാറ്റിയ വെള്ള/നീല റേഷൻ കാർഡ് ഉടമകൾ ഉൾപ്പെട്ട കുടുംബങ്ങൾക്കുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്). ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000/- രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കുന്നതാണ്.

ആർ.എസ്.ബി.വൈ പദ്ധതി നടത്തിപ്പിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 60% കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ആർ എസ് ബി വൈ പദ്ധതിയുടെ 40% ഇൻഷ്വറൻസ് പ്രീമിയവും, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്) യുടെ 100% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

ഇതിനു പുറമേ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം കാൻസർ, ഹൃദയ സംബന്ധമായ അസുഖം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ, എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമാ കെയർ എന്നിവയ്ക്ക 70,000/- രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജ്യണൽ കാൻസർ സെന്റർ, തിരുവനന്തപുരം (ആർ.സി.സി), മലബാർ കാൻസർ സെന്റർ (എം.സി.സി), ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം മുതലായ ഗവേഷണ സ്ഥാപനങ്ങൾ എന്നിവ വഴി നൽകി വരുന്നുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 2017 ഏപ്രിൽ മാസം മുതൽ ആർ.എസ്.ബി.വൈ - ചിസ് പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസിനും അതിനു മുകളിലുമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30000 രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിക്കുന്ന പദ്ധതിയാണ് എസ്ചിസ്.

Sreedev
സെക്ഷൻ ഓഫീസർ.

അനുബന്ധം 'ബി'

ആർ എസ് ബി വൈ/ചിസ് പദ്ധതിയിലേക്ക് ഓരോ വർഷവും പുതിയ അംഗങ്ങളെ ചേർക്കുകയും നിലവിൽ ഉള്ളവരെ പുതുക്കുകയും ചെയ്യുന്നു. കുടുംബങ്ങളുടെ എണ്ണവും പ്രീമിയം തുകയും (Per Card) കണ്ടുപിടിച്ചതിനു ശേഷമാണ് പദ്ധതിക്കായി ചെലവാക്കേണ്ട തുക മനസിലാക്കുന്നത്. പദ്ധതി വർഷം തുടങ്ങുന്ന സമയത്തു മാത്രമാണ് എത്ര കുടുംബങ്ങൾ ആണ് പദ്ധതിയുടെ അംഗമാണെന്ന വിവരം ലഭിക്കുന്നത്, ആർ എസ് ബി വൈ/ചിസ് പദ്ധതിക്കായി ചെലവായ തുകയുടെ വിവരങ്ങൾ പട്ടിക തിരിച്ച് ചുവടെ ചേർക്കുന്നു

| Year | Enrolled Families (in Lakhs) | Premium Payment (amount in crores) |
|---|---|---|
| 2008-10 | 11.78 | 51.00 |
| 2010-11 | 18.75 | 80.00 |
| 2011-12 | 28.01 | 205.00 |
| 2012-13 | 28.28 | 310.00 |
| 2013-14 | 29.73 | 219.49 |
| 2014-15 | 31.94 | 236.00 |
| 2015-16 | 31.94 | 216.00 |
| 2016-17 | 32.53 | 167.03 |

ഓരോ സാമ്പത്തിക വർഷവും പദ്ധതിയിൽ അംഗമാകുന്നവരുടെ എണ്ണം പരിഗണിച്ചാണ് പദ്ധതി തുക കണക്കാക്കുന്നത്. 2017-18 സാമ്പത്തിക വർഷം ആർ എസ് ബി വൈ/ചിസ് പദ്ധതിക്കായി 34,84,724 ഗുണഭോക്തൃ കുടുംബങ്ങൾ അർഹരാകുകയും ഇതിലേക്കായി 267,69,08,308/- രൂപ പ്രീമിയം ഇനത്തിൽ ഇൻഷ്വറൻസ് സേവന ദാതാവിനു നൽകേണ്ടതുണ്ട്. ഇതിൽ 214,15,93,344/- രൂപ നൽകുകയും ബാക്കി 53,53,14,964/- രൂപ കൂടി ഇൻഷ്വറൻസ് സേവന ദാതാവിനു നൽകേണ്ടതുണ്ട്. ടി തുക കേന്ദ്ര വിഹിതമാകുന്നു, ഇതിലെ 41,71,75,785/- രൂപ കേന്ദ്ര സർക്കാർ അനുവദിച്ചതായി അറിയാൻ കഴിയുകയും ബാക്കി 11,81,39,179/- രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് നിരന്തരം സമ്പർക്കം പുലർത്തി വരുന്നു.

ചിസ് പ്ലസ് പദ്ധതി ആനുകൂല്യം നൽകിയ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| Year | CHIS Plus Claim Statement ( Claim numbers in Lakhs & Amount in Crores) | |
|---|---|---|
| | Count | Amount |
| 2010-11 | 0.00 | 0.28 |
| 2011-12 | 0.14 | 26.08 |
| 2012-13 | 0.42 | 56.94 |
| 2013-14 | 0.51 | 53.08 |
| 2014-15 | 0.67 | 68.02 |
| 2015-16 | 0.80 | 73.42 |
| 2016-17 | 1.02 | 83.59 |

സംസ്ഥാന സർക്കാരിന്റെ ചിസ് പ്ലസ് പദ്ധതി പ്രകാരം 04/03/2017 മുതൽ 25/09/2017 വരെയുള്ള കാലയളവിൽ 42,20,97,808/- രൂപ ചിസ് പ്ലസ് പദ്ധതി പ്രകാരം 44993 രോഗികളുടെ ചികിത്സക്കായി വിനിയോഗിച്ചിരിക്കുന്നു. 26/09/2017 മുതൽ 31/12/2017 വരെയുള്ള ചിസ് പ്ലസ് പദ്ധതി പ്രകാരമുള്ള 33755 രോഗികൾക്കായുള്ള ചികിത്സ തുകയായ 20,67,97,369/- രൂപ ലഭിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

Sreedev
സെക്ഷൻ ഓഫീസർ.